**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെൻഷൻ പരിഷ്കരണവും സർക്കാരിൽ നിന്നുള്ള കുടിശ്ശികകളും ആവശ്യപ്പെട്ട് ജല അതോറിറ്റിയിലെ പെൻഷൻകാർ നടത്തുന്ന സമരം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പെൻഷൻ പരിഷ്കരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഗൗരവമായി കാണുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | അവസാനമായി പെൻഷൻ പരിഷ്കരണം നടത്തിയത് എപ്പോഴാണ്; എന്തൊക്കെ ആനുകൂല്യങ്ങളാണ് പെൻഷൻകാർക്ക് നിലവിൽ ലഭിക്കുവാൻ ഉള്ളത്; അറിയിക്കുമോ; | (ബി) | G.O.(P)No.36/2017/Fin dated 14/03/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01/07/2014 ൽ ആണ് അവസാനമായി പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയത്. ഈ ഉത്തരവ് പ്രകാരമുള്ള എല്ലാ പെൻഷൻ ആനുകൂല്യങ്ങളും നൽകി കഴിഞ്ഞു. |
| (സി) | പെൻഷൻ പരിഷ്കരണത്തിനും ആനുകൂല്യ വിതരണത്തിനുമായി എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | പെൻഷൻ പരിഷ്കരണം നടപ്പിലാക്കുമ്പോൾ പ്രതിമാസം പെൻഷൻ ഇനത്തിൽ ഏകദേശം 2.43 കോടി രൂപ അധികമായി വേണ്ടി വരും. ഇത് കൂടാതെ ഡി.സി.ആർ.ജി. ഇനത്തിൽ 13.29 കോടി രൂപയും കമ്മ്യൂട്ടേഷൻ ഇനത്തിൽ 46.58 കോടി രൂപയും അധികമായി ആവശ്യമുണ്ട്. |

സെക്ഷൻ ഓഫീസർ